ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

DTETVM/8509/2025-L1 (PLA) : 30-05-2026

**പരിപത്രം**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം -പോളിടെക്നിക് കോളേജുകളിലെ അതിഥി അദ്ധ്യാപകരുടെ വേതന നിരക്ക് - വ്യക്തത നൽകുന്നത് സംബന്ധിച്ച്.

സൂചന :-
(1) സ.ഉ(പി) നം.54/2025/ധന തീയതി 19-04-2025
(2) സ.ഉ(സാധാ) നം.723/2025/ഉ.വി.വ.തീയതി 05-06-2025
(3) സ.ഉ(സാധാ) നം.1113/2025/ഉ.വി.വ.തീയതി 20-08-2025
(4) സ.ഉ(സാധാ) നം.1449/2025/ഉ.വി.വ.തീയതി 06-11-2025
(5) സ.ഉ(സാധാ) നം.1576/2025/ഉ.വി.വ.തീയതി 18-12-2025
(6) സ.ഉ(സാധാ) നം.209/2025/ഉ.വി.വ.തീയതി 18-02-2026
(7) സ.ഉ(പി) നം.24/2026/ധന തീയതി 18-02-2026
(8) 05-03-2026 തീയതിയിലെ സർക്കാർ കത്ത് നമ്പർ.എൽ3/262/2025/ഉവിവ.
(9) 22-05-2026 തിയതിയിലെ സർക്കാർ കത്ത് നമ്പർ.എൽ3/262/2025/ഉവിവ

ഈ വകുപ്പിന് കീഴിലുള്ള പോളിടെക്നിക് കോളേജുകളിലെ അതിഥി അദ്ധ്യാപകരുടെ വേതന നിരക്ക് സംബന്ധിച്ച സൂചന (9) പ്രകാരം സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭ്യമായിരിക്കുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച് ചുവടെ പറയുന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

(i) സൂചന (5) സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ പോളിടെക്നിക് കോളേജുകളിലെ അതിഥി അദ്ധ്യാപകർക്ക് വേതന വിതരണം നടത്തുന്നത് ഉടൻ പ്രാബല്യത്തിൽ മരവിപ്പിക്കേണ്ടതും തുടർന്നുള്ള വേതനം സൂചന (7) പ്രകാരം അനുവദനീയമായ നിരക്കുകൾ പ്രകാരം മാത്രം അനുവദിക്കേണ്ടതുമാണ്.

(ii) സൂചന(8) പ്രകാരമുള്ള സ്പഷ്ടീകരണം പിൻവലിക്കുന്നതിനാൽ ടി സ്പഷ്ടീകരണത്തിൻറെ അടിസ്ഥാനത്തിൽ പോളിടെക്നിക് കോളേജുകളിലെ ജനറൽ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അതിഥി അദ്ധ്യാപകർക്ക് സൂചന (4) സർക്കാർ ഉത്തരവ് പ്രകാരമുള്ള ഉയർന്ന വേതന നിരക്ക് അനുവദിക്കുന്നത് ഉടൻ പ്രാബല്യത്തിൽ മരവിപ്പിക്കേണ്ടതാണ്.

(iii) പോളിടെക്നിക് കോളേജുകളിലെ സാങ്കേതിക വിഷയങ്ങളും ജനറൽ വിഷയങ്ങളും കൈകാര്യം ചെയ്യുന്ന എല്ലാ അതിഥി അദ്ധ്യാപകർക്കും സൂചന (7) സർക്കാർ ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ മാത്രം അനുവദിക്കേണ്ടതാണ്.

(iv) സൂചന (5) സർക്കാർ ഉത്തരവിൻറേയോ സൂചന (8) വിശദീകരണത്തിൻറെയോ അടിസ്ഥാനത്തിൽ അധികമായി അനുവദിച്ചിട്ടുള്ള തുകകൾ, ഇക്കാര്യത്തിൽ സർക്കാർ പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ തിരിച്ച് പിടിക്കേണ്ടതില്ല.

Dr JAYAPRAKASH P
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ പോളിടെക്നിക് കോളേജ് സ്ഥാപനമേധാവികൾക്ക് (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സൂപ്രണ്ട്
3. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Digitally signed by
Jayaprakash P
Date: 30-05-2026
10:55:21